III. ശ്രദ്ധക്ഷണിക്കൽ

(1) തിരുവനന്തപുരം ജില്ലയുടെ സമഗ്രവികസനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, തിരുവനന്തപുരം ജില്ലയുടെ സമഗ്രവികസനത്തിന് എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും യഥാർത്ഥത്തിൽ തിരുവനന്തപുരം കേന്ദ്രീകരിച്ചുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിന്റേയും ഇൻഡ്യയുടേയും വികസനത്തിന് വഴിയൊരുക്കുന്ന ചില പ്രധാനപ്പെട്ട വികസന പദ്ധതികളെ സംബന്ധിച്ചാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും അങ്ങയുടേയും ശ്രദ്ധ ക്ഷണിക്കാനുള്ളത്. ഒന്നാമതായി വിഴിഞ്ഞം തുറമുഖം. ഒരു പുരാതന തുറമുഖ നഗരമായിട്ടാണ് വിഴിഞ്ഞം തുറമുഖം അറിയപ്പെട്ടിരുന്നത്. പണ്ട് ചേരരാജാക്കന്മാരും ഡച്ചുകാരുമൊക്കെ വിഴിഞ്ഞം തുറമുഖത്തിന്റെ വാണിജ്യപ്രാധാന്യം പ്രത്യേകം മനസ്സിലാക്കിയിരുന്നു. സർ സി. പി. തിരുവിതാംകൂറിലെ ദിവാൻ ആയിരുന്നപ്പോൾ വെള്ളായണി കായൽ വരെ നീണ്ടു നിൽക്കുന്ന ഒരു വലിയ ബ്രേക്ക് വാട്ടറും അതിനൊത്ത മറ്റു സംവിധാനങ്ങളും ഉൾക്കൊള്ളുന്ന ലോകത്തിലെ ഒന്നാംകിട തുറമുഖമായിട്ടാണ് ഇതിനെ വിഭാവന ചെയ്തിരുന്നത്. പക്ഷേ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇതിന്റെ പ്രാധാന്യം ശരിക്കു മനസ്സിലാക്കാൻ നമ്മുടെ രാഷ്ട്രീയനേതൃത്വത്തിനും മാറിമാറി വന്ന ഗവണ്മെന്റുകൾക്കും കഴിഞ്ഞില്ല. മാത്രവുമല്ല കേരളത്തിനകത്തും പുറത്തുമുള്ള ചില ലോബികൾ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം കുറച്ചു കാണിക്കുന്നതിനും അതിനെ കേവലം ഒരു മൽസ്യബന്ധന തുറമുഖമാക്കി ചുരുക്കിക്കൊണ്ടുവരുന്നതിനും ശ്രമിച്ചു. 1962-ൽ മത്സ്യബന്ധന തുറമുഖത്തിന്റെ തറക്കല്ലിട്ട് പണി ആരംഭിച്ചുവെങ്കിലും 43 വർഷങ്ങൾ പിന്നിട്ടിട്ടും അതിന്റെ പണികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഒന്നും രണ്ടും ഘട്ടം പണികൾ പൂർത്തിയാവുകയും മൂന്നാംഘട്ട പണി ഏതാണ്ട് പൂർത്തിയാവുകയും ചെയ്തു. അവശേഷിക്കുന്ന പണികൾ കൂടി പൂർത്തിയാക്കി അത് കമ്മിഷൻ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപര്യം എടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിഴിഞ്ഞം വാണിജ്യ തുറമുഖത്തെ സംബന്ധിച്ചിടത്തോളം ഈ അടുത്ത കാലത്തായി വളരെ പ്രതീക്ഷ ഉയർന്നു വന്നിട്ടുണ്ട്. 2001-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി ചുമതലയേറ്റപ്പോൾ തലസ്ഥാന മേഖല വികസനത്തെ സംബന്ധിച്ച ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകി. യോഗം ചേർന്ന ആ സന്ദർഭത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യം പ്രത്യേകം ചർച്ച ചെയ്യപ്പെട്ടതാണ്. തുറമുഖ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവൻ 1991-96-ലും ഇപ്പോഴും ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ കാര്യത്തിൽ എടുത്ത താൽപ്പര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. പക്ഷേ മന്ത്രി എടുക്കുന്ന താൽപ്പര്യം ഗവൺമെന്റിന്റെ മൊത്തം താൽപ്പര്യമായി മാറുന്നില്ല. കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സംസ്ഥാനത്തിന്റെ പ്രശ്നമായി ഇത് അവതരിപ്പിക്കപ്പെട്ടിട്ടില്ല. അങ്ങനെ അവതരിപ്പിക്കപ്പെടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഒരു കമ്പനി ഈ കാര്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ വികസനം ഉണ്ടായ രീതിയിൽ ഓഹരി പങ്കാളിത്തം കണ്ടെത്തി വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം നടത്താനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും കമ്പനി രജിസ്റ്റർ ചെയ്തതല്ലാതെ തുടർ പ്രവർത്തനങ്ങളൊന്നുംതന്നെ നടന്നിട്ടില്ല. അതുപോലെ തന്നെ ആ പ്രവർത്തനം തുടർന്നും നടത്തുകയും വേണം. വിഴിഞ്ഞം തുറമുഖം വികസിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഇൻഡ്യയുടെ വികസനത്തിന് ഒരു പുതിയ ഗേറ്റ്വേ ഉണ്ടാക്കുക എന്നതാണ്. ഇപ്പോൾ ദുബായ്, സിംഗപ്പൂർ, കൊളംബോ തുടങ്ങിയ ലോകത്ത് മുൻപന്തിയിൽ നിൽക്കുന്ന തുറമുഖങ്ങളെ കടത്തിവെട്ടുന്ന രീതിയിൽ വിഴിഞ്ഞം തുറമുഖത്തിന് മാറാനുള്ള ഭൂമിശാസ്ത്രപരമായ എല്ലാ സാദ്ധ്യതകളും ഉണ്ട്. അന്താരാഷ്ട്ര കപ്പൽ റൂട്ടുമായി തൊട്ടടുത്തുകിടക്കുന്ന തുറമുഖം എന്നനിലയിൽ അതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണം. തിരുവനന്തപുരം വിമാനത്താവളം 1990-ൽ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചതാണ്. സ്വതന്ത്ര ഇൻഡ്യയിൽ പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ ഇന്റർനാഷണൽ എയർപോർട്ടാണ് തിരുവനന്തപുരം. അതും അന്തർദേശീയ വിമാനറൂട്ടുമായി ബന്ധപ്പെട്ട പ്രദേശമാണ് തിരുവനന്തപുരം എന്നുള്ളതുകൊണ്ടാണ് സ്വതന്ത്ര ഇൻഡ്യയിൽ ആദ്യത്തെ അന്താരാഷ്ട്ര വിമാനത്താവളമായി ഇത് പ്രഖ്യാപിക്കപ്പെട്ടത്. പക്ഷേ അതിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും വീഴ്ചയാണുണ്ടായിട്ടുള്ളത്. ഇപ്പോഴും അത് സംബന്ധിച്ചുള്ള നടപടികൾ ഇഴഞ്ഞുനീങ്ങുകയാണ്. ചാക്കയിൽ അന്താരാഷ്ട്ര ടെർമിനൽ, 24 മണിക്കൂർ വിമാന സർവ്വീസ്, അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തേണ്ടതാണ്. മലേഷ്യ, ആഫ്രിക്കൻ രാജ്യങ്ങൾ, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലേക്കുള്ള വിമാന സർവ്വീസുകൾ തിരുവനന്തപുരത്തുനിന്നും ആരംഭിക്കണം. എയർപോർട്ട് വികസനത്തിനാവശ്യമായ ഭൂമി എത്രയും പെട്ടെന്ന് ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിയെ ഏൽപ്പിക്കുകയും എയർ ഇൻഡ്യയ്ക്ക് ആവശ്യമായിട്ടുള്ള ഭൂമി ഉടൻ നൽകുകയും ചെയ്യണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ചെയർമാനായി തലസ്ഥാന മേഖലാ സമിതി യോഗം കൂടിയപ്പോഴൊക്കെ തന്നെ ആവർത്തിച്ചു പറഞ്ഞു കേട്ടതാണ് കഴക്കൂട്ടം

LIBRARY ARCHIVES Kerala Legislative Assembly

കോവളം ഐ.ടി. കോറിഡോർ. ഇൻഡ്യയിലെ തന്നെ ആദ്യത്തെ ഐ. ടി. വർക്ക് ടെക്നോപാർക്കിൽ ആരംഭിക്കുകയുണ്ടായി.

ടെക്നോപാർക്ക് സ്ഥിതിചെയ്യുന്ന കഴക്കൂട്ടം മുതൽ കോവളം വരെ ഐ.ടി. വ്യവസായ മേഖലയുടെ വിശാലമായ ഒരു ശൃംഖല തന്നെ പടുത്തുയർത്താൻ കഴിയും. അവിടെ ഇപ്പോൾ ഭൂമി available ആണ്. വളരെ കുറഞ്ഞ വിലയ്ക്ക് അത് ഏറ്റെടുക്കാൻ കഴിയും. പക്ഷെ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. മാത്രമല്ല, ഐ.ടി. വ്യവസായത്തിൽ താൽപ്പര്യമെടുത്ത് സംസ്ഥാന ഗവൺമെന്റിനെ സമീപിക്കുന്നവരോട് നിങ്ങൾ ആ ദുബായ് ഇന്റർനെറ്റ് സിറ്റി എന്നുപറയുന്ന കമ്പനിയെ സമീപിക്കണം എന്നുപറഞ്ഞ് ആ ദല്ലാൾ കമ്പനിയിലേക്ക് ആളുകളെ പറഞ്ഞയയ്ക്കുന്ന ദല്ലാളായി സംസ്ഥാന ഗവൺമെന്റ് മാറുന്നുണ്ടോ എന്ന് സംശയിക്കുന്ന രീതിയിലാണ് കാര്യങ്ങൾ നടക്കുന്നത് എന്ന് ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അതുപോലെതന്നെ ബയോടെക്നോളജി പാർക്കിനുവേണ്ടിയുള്ള ബഡ്ജറ്റ് പ്രൊവിഷൻ മുൻ വർഷങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ അതു സംബന്ധിച്ച നടപടികളൊന്നും സ്വീകരിക്കപ്പെട്ടിട്ടില്ല. ഈ നടപ്പുവർഷത്തിലെ ബഡ്ജറ്റിൽ ബയോടെക്നോളജി പാർക്കിനുവേണ്ടിയുള്ള ബഡ്ജറ്റ് പ്രൊവിഷൻ പോലും ഇല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ അപൂർവ്വം ശുദ്ധജല തടാകങ്ങളിൽ ഒന്നാണ് വെള്ളായണി കായൽ. അത് ശുദ്ധജലതടാകമായി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി അദ്ധ്യക്ഷം വഹിച്ച തലസ്ഥാന മേഖലാ വികസന സമിതി യോഗത്തിൽ ഞാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷെ അതിപ്പോൾ പല തരത്തിലുള്ള കൈയേറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. സർക്കാരിന്റെ പുറംപോക്കായിട്ടുള്ള കായൽഭൂമി ഉണ്ട്. അതിൽ കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള കായൽ പ്രദേശമുണ്ട്. സ്വകാര്യ കർഷകരുടെ ഉടമസ്ഥതയിലുള്ള കായൽ പ്രദേശമുണ്ട്. ഇതെല്ലാം ഏറ്റെടുത്ത് ഒരു ശുദ്ധജല തടാകമായി വെള്ളായണി കായലിനെ നിലനിർത്തിക്കഴിഞ്ഞാൽ ഭാവിയിൽ തെക്കൻ കേരളത്തിൽ ഉണ്ടാകുന്ന ജലപ്രതിസന്ധി പരിഹരിക്കുന്നതിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. അക്കാര്യത്തിൽ നടപടി സ്വീകരിക്കണം. ടൂറിസം വികസനത്തിന്റെ കാര്യം, കോവളം, ശംഖുമുഖം, വേളി, ആക്കുളം, അരുവിക്കര, വർക്കല, നെയ്യാർഡാം, പൊന്മുടി, പേപ്പാറ തുടങ്ങിയ സകല വിനോദസഞ്ചാര കേന്ദ്രങ്ങളും അവഗണനയ്ക്കിടുകയാണ്. ഈ പ്രദേശങ്ങളുടെ വികസനത്തെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരു പദ്ധതിക്ക് രൂപംനൽകാൻ ഗവൺമെന്റ് മുന്നോട്ടുവരണം. കാപ്പിൽ മുതൽ പൂവാർ വരെയുള്ള പ്രദേശങ്ങളിലെ വിനോദസഞ്ചാര സൗകര്യമുള്ള സ്ഥലങ്ങളെ വേണ്ടത്ര

10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ല. ഈ വിനോദസഞ്ചാര സൗകര്യമുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തി കേരളത്തിലെ വിനോദസഞ്ചാര വികസനത്തിനു തന്നെ ഉതകുന്ന രീതിയിലുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോവളം- പൊന്മുടി റോഡിന്റെ നിർമ്മാണം ഗവണ്മെന്റ് ഏറ്റെടുക്കണം. വാണിജ്യപരമായും വ്യാവസായികമായും പ്രയോജനം ചെയ്യുന്ന തിരുവനന്തപുരം, കാട്ടാക്കട, കോട്ടൂർ, അംബാസമുദ്രം, തിരുനെൽവേലി റോഡിന്റെ നിർമ്മാണകാര്യത്തിൽ സംസ്ഥാനഗവണ്മെന്റ് താൽപ്പര്യമെടുക്കണം. സംസ്ഥാനഗവണ്മെന്റ് താൽപ്പര്യമെടുത്തുകഴിഞ്ഞാൽ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പുമന്ത്രി ശ്രീ. ബാലുവിനും ഇക്കാര്യത്തിൽ താൽപ്പര്യമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എടുക്കേണ്ട താൽപ്പര്യം എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരുകാലത്ത് തിരുവനന്തപുരത്ത് ദക്ഷിണ നളന്ദ എന്ന് പ്രഖ്യാപിത വിദ്യാലയമായ കാന്തള്ളൂർ ശാല സ്ഥിതിചെയ്തിരുന്നു. മാത്രമല്ല വിദ്യാഭ്യാസ നഗരമായിട്ടാണ് തിരുവനന്തപുരം അറിയപ്പെട്ടിരുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിദ്യാഭ്യാസം തേടി ആളുകൾ വരികയും ഇവിടെ സ്ഥിരമായി താമസിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം ഉണ്ടായിരുന്നു. പക്ഷെ ഈയടുത്തകാലത്തായി ഐ.ഐ.ടി., ഐ.ഐ.എം., ശാസ്ത്ര വിഷയങ്ങളിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, സാങ്കേതിക സർവ്വകലാശാല, നിയമ സർവ്വകലാശാല തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചപ്പോൾ തിരുവനന്തപുരത്തെ പാടെ അവഗണിച്ചുവെന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്. പുരാതനമായ ആയുർവ്വേദ കോളേജ് ഇവിടെയുണ്ട്. അതിനെ ഒരു അന്താരാഷ്ട്ര ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റിയെടുക്കുന്നതിന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. തലസ്ഥാന മേഖലാ സമിതി യോഗം കൂടുകയും തിരുവനന്തപുരത്തിന്റെ വികസന കാര്യങ്ങളെക്കുറിച്ച് സജീവമായി ചർച്ചചെയ്ത് തീരുമാനങ്ങളെടുക്കുകയും നടപ്പാക്കുകയും വേണം. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം അത്തരത്തിലുള്ള യോഗങ്ങളൊന്നും ചേർന്നിട്ടില്ല, അതുകൊണ്ട് മുഖ്യമന്ത്രി ജില്ലാ വികസന കാര്യത്തിൽ താൽപ്പര്യമെടുക്കുന്നില്ല എന്ന ഒരു തോന്നൽ ഉണ്ടായിട്ടുണ്ട്. ആ തോന്നൽ മാറ്റിയെടുക്കേണ്ട ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്, ഗവൺമെന്റിനാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ക്രിയാത്മകമായി അങ്ങ് പ്രതികരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ജെ. ജോയി]

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : സർ, തലസ്ഥാനനഗരിയുടെ വികസനത്തിന് വേണ്ടി മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള പ്രവർത്തനങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. തലസ്ഥാന നഗരിയെ അവഗണിക്കുന്നു എന്ന് ഒരു ധാരണയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് യാഥാർത്ഥ്യബോധമില്ലാത്ത ഒരു ആക്ഷേപമാണ്. വളരെയേറെ വികസന പ്രവർത്തനങ്ങൾ, റോഡുകളുടെ വികസനം, അതുപോലെ തമ്പാനൂരിൽ വെള്ളം കെട്ടുന്നതിന് പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ അതോടൊപ്പം തലസ്ഥാന നഗര വികസന പദ്ധതിയിൽപ്പെടുത്തി നിരവധി പ്രവർത്തനങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുന്നു. തലസ്ഥാന നഗരിയെ അവഗണിക്കുകയല്ല, പ്രത്യേകമായ പരിഗണന കൊടുത്തുകൊണ്ട് ഇവിടത്തെ പ്രവർത്തനങ്ങൾ വ്യക്തമായ പ്ലാനോടുകൂടി സമയബന്ധിതമായി തീർക്കാൻ വേണ്ടിയിട്ടുള്ള നടപടികളാണ് ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ Calling attention അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ഡോ. നീലലോഹിതദാസൻ നാടാർ വിഴിഞ്ഞം തുറമുഖത്തിന്റെ അനന്തസാദ്ധ്യതകളെക്കുറിച്ച് പറഞ്ഞു. അത് തിരിച്ചറിയുകയും അതനുസരിച്ച് വിഴിഞ്ഞം തുറമുഖം അതിന്റെ പൂർണ്ണമായ പ്രയോജനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളുമായി ഒരു കാലതാമസവും ഉണ്ടാകാത്ത വിധത്തിൽ അതിനുവേണ്ടിയിട്ടുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഒരു പ്രത്യേക കമ്പനിതന്നെ അതിനുവേണ്ടി രൂപീകരിക്കുകയും അതിന്റെ ആദ്യത്തെ ചെലവുകൾക്കുവേണ്ടി ആവശ്യമായ തുക അനുവദിക്കുകയും ചെയ്തു. Public-Private Participation-ൽ ഇത് ഏറ്റെടുത്ത് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ആഗോള ടെന്റർ ക്ഷണിച്ചു. 18 പ്രമുഖ കമ്പനികൾ ഇതിൽ താൽപ്പര്യം കാണിക്കുകയും അവർ ടെന്റർ ഫോം വാങ്ങുകയും ചെയ്തിട്ടുണ്ട്. ടെന്ററിന്റെ ഡേറ്റ് ജൂലൈ മാസം 30 ആണ്. അതുകൊണ്ട് വിഴിഞ്ഞം തുറമുഖം ഇൻഡ്യയിലെ മാത്രമല്ല നമ്മുടെ സമീപ രാജ്യങ്ങളിലെ വച്ചു നോക്കിയാൽ ഏറ്റവും കൂടുതൽ വികസന സാദ്ധ്യതകൾ ഉള്ളതും പ്രയോജനകരമായി വിനിയോഗിക്കാവുന്നതും ആയിട്ടുള്ള ഒന്നാണ് എന്ന് കണ്ടുകൊണ്ട് അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31 ആണ്. അത് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ അതിന്റെ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോറിന് 86 ഏക്കർ സ്ഥലം പുതുതായി ഏറ്റെടുത്തു. അതിൽ 50 ഏക്കർ സ്ഥലം ഇൻഫോസിസിനും 36 ഏക്കർ സ്ഥലം യു.എസ്. സോഫ്ട്‌വെയറിനും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആ ഭാഗത്ത് 100 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. വളരെ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

വികസനം വേണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു, സ്ഥലമെടുപ്പിന്റെ കാര്യത്തിൽ മാത്രമാണ് വേഗത കുറവായി കാണുന്നത്. എങ്കിലും കാലതാമസം കൂടാതെ ഇപ്പോൾ 86 ഏക്കർ സമയബന്ധിതമായിട്ടാണ് എടുത്തത്. 100 ഏക്കർ സ്ഥലം കൂടെ ഇതുപോലെ ഏറ്റെടുക്കാനായിട്ട് ശ്രമിക്കുകയാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഫസ്റ്റ് സ്റ്റേജ് നടപടിക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കി പണിതുടങ്ങാൻ പോകുന്നു. അതിന് 27 ഏക്കർ സ്ഥലമാണ് വിട്ടുകൊടുക്കേണ്ടിയിരുന്നത്. സ്ഥലം കൊടുക്കാത്തതിന്റെ പേരിൽ വർഷങ്ങളായിട്ട് വൈകിയ ഒരു നിർമ്മാണ പ്രവർത്തനമാണ്. പക്ഷെ ഇപ്പോൾ ആദ്യഘട്ടത്തിനാവശ്യമായ 27 ഏക്കർ സ്ഥലം കൈമാറിക്കഴിഞ്ഞിരിക്കുന്നു. രണ്ടാം ഘട്ടം വികസനം കൂടി ആവശ്യമാണ്. അതിനാവശ്യമായിട്ടുള്ള സ്ഥലമെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുനീങ്ങുകയാണ്. എയർപോർട്ട് അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള നിർദ്ദേശം കൂടി കിട്ടിക്കഴിഞ്ഞാലുടൻ തന്നെ അതിന്റെ അനന്തര നടപടികളിലേക്ക് നീങ്ങും. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണമുണ്ടാകണം. ഒരു വികസനം വരുമ്പോൾ, വളരെയേറെ പ്രയോജനം ചെയ്യുന്ന കാര്യം വരുന്ന സമയത്ത്, ചിലപ്പോൾ ചില ത്യാഗങ്ങളൊക്കെ ചില ഭാഗത്ത് വേണ്ടിവരും. ചില അസൗകര്യങ്ങളൊക്കെ ചിലർക്ക് ഉണ്ടായി എന്നിരിക്കും, പക്ഷെ ആ അസൗകര്യങ്ങളുടെ പല മടങ്ങായിരിക്കും സമൂഹത്തിനും നാടിനും പ്രയോജനം കിട്ടുന്നത്. അതിന് സഹായകരമായ ഒരു നിലപാട് സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ബയോടെക്നോളജി പാർക്ക് സ്ഥാപിക്കാൻ തന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഒരു സ്വകാര്യ പങ്കാളിയെ കണ്ടെത്തിയാലുടൻ തന്നെ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കാൻ കിൻഫ്ര നടപടി സ്വീകരിക്കുന്നതാണ്. ടൂറിസം വികസനത്തിന് വളരെക്കൂടുതൽ പ്രാധാന്യം ഗവൺമെന്റ് കൊടുക്കുന്നു. തിരുവനന്തപുരവുമായി ബന്ധപ്പെട്ടിട്ടുള്ള ടൂറിസത്തിന് പ്രത്യേകമായിട്ടുള്ള പരിഗണന കൊടുത്തുകൊണ്ടുള്ള വികസന പരിപാടികൾ ഏറ്റിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തെക്കുറിച്ച് പറഞ്ഞു, അതിന് നമ്മൾ കൂടിയൊന്ന് മനസ്സുവയ്ക്കണം. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് കേരളത്തിലെ ഗവണ്മെന്റ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കോളേജാണ്. ആ കോളേജിനെ യു.ജി.സി. പ്രത്യേക താൽപ്പര്യമെടുത്ത്, എ.ഐ.സി.ടി.ഇ. പ്രത്യേക താൽപ്പര്യമെടുത്ത് ഒരു സെന്റർ ഓഫ് എക്സലൻസായി ഉയർത്തി ഒരു ആട്ടോണമസ് സ്ഥാപനമാക്കി മാറ്റുന്നതിന് തീരുമാനം വന്നതാണ്. അപ്പോൾ എല്ലാ ഭാഗത്തുനിന്നും അതിൽ ചില എതിർപ്പുകളുണ്ടായി. അത് ശരിയായിരുന്നോ എന്ന് ചിന്തിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് വളരെയധികം സാദ്ധ്യതകളുണ്ട്. പക്ഷെ അതനുസരിച്ച് നമ്മൾ ചില മാറ്റങ്ങൾക്ക് തയ്യാറാകണം. ഈ അടുത്ത കാലത്ത് ഒരു പഠനം നടത്തി. ഓരോ മേഖലയിലും മെഡിക്കൽ, കോമേഴ്സ്, ആർട്സ് ആന്റ് സയൻസ്, ബിസിനസ് മാനേജുമെന്റ് അങ്ങനെ എല്ലാ മേഖലയിലുമുള്ള ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട 10 വിദ്യാഭ്യാസ സ്ഥാപനങ്ങൾ എടുത്തപ്പോൾ വളരെ ദുഃഖത്തോടുകൂടി ഞാൻ പറയുകയാണ് അതിലൊന്നും കേരളത്തിലെ ഒരു വിദ്യാഭ്യാസ സ്ഥാപനവും വന്നിട്ടില്ല. അർഹതയില്ലാഞ്ഞിട്ടാണോ, അല്ല, പക്ഷെ നമ്മൾ അവസരങ്ങൾ ഉപയോഗിക്കുന്നതിൽ ഇന്ന് മടിച്ചു നിൽക്കുകയാണ്. കിട്ടുന്ന അവസരങ്ങൾ, സെന്റർ ഓഫ് എക്സലൻസായി, അത് ആട്ടോണമസായി കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി സ്ഥാപനങ്ങൾ വളരുന്നതിന് ആവശ്യമായിട്ടുള്ള സാഹചര്യങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കണം. അതുകൊണ്ട് അങ്ങ് പറഞ്ഞ കാര്യം, വിദ്യാഭ്യാസ രംഗത്ത് തലസ്ഥാനനഗരിക്കും കേരളത്തിനും വളരെദൂരം ഇനിയും മുന്നോട്ട് പോകാനുണ്ട്. അതിന് നമ്മളും ചില അഡ്ജസ്റ്റുമെന്റുകൾക്ക് തയ്യാറാകണം. മാറ്റങ്ങൾക്ക് അനുകൂലമായിക്കൂടി പ്രതികരിക്കാൻ നമുക്ക് സാധിക്കണം.

Mr. Chairman: Dr. Nadar, any question ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഞാൻ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് മുഖ്യമന്ത്രി സ്പർശിച്ചിട്ടില്ല. ഈ വെള്ളായണിക്കായലിന്റെ കാര്യം കൂടി പറഞ്ഞിട്ട് ഞാൻ ചോദ്യം ചോദിക്കാം.

Mr. Chairman: No, No, You put your question.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഈ തലസ്ഥാന ജില്ലയായ, തിരുവനന്തപുരം ബേസ്ചെയ്യുന്ന വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം, തിരുവനന്തപുരം ജില്ലയിലെ ജനപ്രതിനിധികൾ ഇവിടെത്തന്നെയുള്ള റസിഡന്റ്സ് അസോസിയേഷനുകളുടെ മേൽനോട്ടം വഹിക്കുന്ന കോൺഫെഡറേഷനുകൾ, മറ്റ് വികസനവുമായി ബന്ധപ്പെട്ട് ഇതിനകംതന്നെ രൂപംകൊണ്ട് പ്രവർത്തിച്ചുവരുന്ന വിവിധ വികസന ഫോറങ്ങൾ ഇവരെയെല്ലാം വിളിച്ചുകൂട്ടി വിശദമായി ചർച്ച നടത്തി അത്യാവശ്യം സോർട്ട്ഔട്ട് ചെയ്യേണ്ട പ്രശ്നങ്ങൾ സോർട്ട് ഔട്ട്ചെയ്ത് നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: വെള്ളായണിക്കായലിന്റെ കാര്യം പറഞ്ഞു, വെള്ളായണിക്കായൽ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറാണ്. ഇപ്പോൾ മനുഷ്യാവകാശ കമ്മിഷന്റെ ഒരു ഇടക്കാല ഉത്തരവു വന്നു, അവിടെ നടത്താൻ തീരുമാനിച്ചിരുന്ന ചില നടപടികളൊക്കെ നിറുത്തിവച്ചിരിക്കുകയാണ്. അതു സംബന്ധിച്ചുള്ള പ്രശ്നം തീർന്നശേഷം നടപടികൾ എടുക്കും. മൊത്തമുള്ള കാര്യങ്ങളെക്കുറിച്ച് നിർദ്ദേശം തന്നാൽ ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് വേണമെന്ന് തീരുമാനിക്കും.

(2) കോഴിക്കോട് സർവകലാശാലയിലെ ചരിത്ര വിഭാഗത്തിൽനിന്ന് അമൂല്യങ്ങളായ ചരിത്രരേഖകളുംമറ്റും കാണാതായത് സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കോഴിക്കോട് സർവകലാശാലയുടെ ചരിത്ര പുരാവസ്തു വിഭാഗത്തിൽനിന്ന് വളരെയധികം വിലയേറിയ അമൂല്യമായ പല വസ്തുക്കളും അതുപോലെ കുറേ പുസ്തകങ്ങളും ചരിത്രഗ്രന്ഥങ്ങളും അടുത്ത കാലത്ത് നഷ്ടപ്പെടുകയുണ്ടായി. ഈ വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. മുമ്പ് കോഴിക്കോട് സർവകലാശാലയുടെ വൈസ്ചാൻസലറായി പ്രവർത്തിച്ചിരുന്ന ശ്രീ. ടി. എൻ. ജയചന്ദ്രന്റെ കാലത്ത്, ശ്രീ. എം. ജി. എസ്. നാരായണൻ ചരിത്ര വിഭാഗത്തിന്റെ തലവനായിരുന്ന കാലത്താണ് അവിടെ നല്ലൊരു പുരാവസ്തു മ്യൂസിയം സ്ഥാപിച്ചത്. ആ മ്യൂസിയത്തിൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട സാധനങ്ങൾ പലതും ഇപ്പോൾ ചരിത്ര വിഭാഗത്തിൽ കാണാനില്ല. അവിടത്തെ ചരിത്ര വിഭാഗത്തിന്റെ തലവനും മറ്റു ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാരും ആ വസ്തു നിർമ്മിച്ച സാധനത്തിന്റെ വില പോലും അവയ്ക്ക് കൽപ്പിക്കുന്നില്ല എന്നുള്ളത് വളരെ വേദനാജനകമായിട്ടുള്ള സംഭവമാണ്. "വ്യാപാരമേ ഹനനമാം വനവേടനുണ്ടോ, വ്യാപന്നമായി കഴുകനെന്നും കരുതാതെന്നും," എന്നു കുമാരനാശാൻ പാടിയതുപോലെയാണ് ഇവിടുത്തെ ഉദ്യോഗസ്ഥൻമാരുടെ സ്വഭാവം. അവിടെ നഷ്ടപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സാധനം ആഴുവഞ്ചേരി തമ്പുരാക്കൻമാരുടെ പല്ലക്കും മഞ്ചലുമാണ്. ആഴുവഞ്ചേരി മന മലപ്പുറം ജില്ലയിൽ ആതവനാട് എന്നുപറയുന്ന സ്ഥലത്താണ്. ഈ ആഴുവഞ്ചേരി തമ്പുരാക്കന്മാർ വളരെ പരമ്പരാഗതമായ പാരമ്പര്യമുള്ള സാമൂതിരി രാജാവ്, കൊച്ചി രാജാവ് തുടങ്ങിയ രാജാക്കൻമാർ സ്ഥാനാരോഹണം ചെയ്യുന്ന ദിവസം അവർക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കാൻ വേണ്ടി ഈ മഞ്ചലിലൊക്കെയായിരുന്നു സാധാരണ പോയിരുന്നത്. അരയന്നത്തിന്റെ മാതൃകയിൽ ഈട്ടിത്തടിയിൽ (മഹാഗണിയിൽ) ഉണ്ടാക്കിയിട്ടുള്ള 350 വർഷം പഴക്കമുള്ള മനോഹരമായിട്ടുള്ള പല്ലക്കായിരുന്നു അത്. അതുപോലെ ശ്രീ. കരുണാകര മേനോൻ

LIBRARY ARCHIVES Kerala Legislative Assembly